# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5915 — 28.03.2018-ൽ മറുപടിയ്ക്ക്

**കോട്ടക്കൽ ആയുർവേദ കോളേജിനെ ആയുർവേദ യൂണിവേഴ്സിറ്റി ആയി ഉയർത്താൻ നടപടി**

| ചോദ്യം<br>പ്രൊ. ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | കോട്ടക്കൽ ആയുർവേദ കോളേജിനെ ആയുർവേദ യൂണിവേഴ്സിറ്റി ആയി ഉയർത്തുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരവും ഫയൽ പകർപ്പുകളും ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ആയുർവേദ മേഖലയിൽ ഉന്നത പഠന ഗവേഷണ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി കോട്ടക്കൽ വൈദ്യരത്നം പി.എസ്. വാര്യർ ആയുർവേദ കോളേജിനെ ഒരു നോൺ അഫിലിയേറ്റിംഗ് സർവ്വകലാശാലയായി ഉയർത്തുന്നതിന് 19.02.2013 ലെ സ.ഉ(സാധാ)നം.542/2013/ആ.കു.വ പ്രകാരം തത്ത്വത്തിൽ അനുമതി നൽകി ഉത്തരവായിരുന്നു. 17.04.2013 ലെ സ.ഉ.(സാധാ)1375/13/ആ.കു.വ, 22.01.2014 ലെ സ.ഉ.(സാധാ) 224/2014/ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരം ഇതിനായി മലപ്പുറം ജില്ലാ കളക്ടറെ സ്പെഷൽ ഓഫീസറായി നിയമിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഫയലിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തെ ആയുർവേദ യൂണിവേഴ്സിറ്റി ആക്കി മാറ്റുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ